**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 311** **16-09-2025 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിലെ ആദിവാസി ഉന്നതികളിൽ 'സഞ്ചരിക്കുന്ന റേഷൻകട പദ്ധതി' നടപ്പിലാക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ആര്യാടൻ ഷൗക്കത്ത് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിതരണ വകുപ്പ് നടപ്പിലാക്കുന്ന 'സഞ്ചരിക്കുന്ന റേഷൻകട പദ്ധതി' പ്രകാരം നിലമ്പൂർ മണ്ഡലത്തിലെ എത്ര ആദിവാസി ഉന്നതികളിലാണ് നിലവിൽ റേഷൻ സാധനങ്ങളുടെ വിതരണം നടക്കുന്നതെന്നും ആയത് കൂടുതൽ ഉന്നതികളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ; | (എ) | ഒറ്റപ്പെട്ട മലയോരങ്ങളിൽ താമസിക്കുന്ന ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് അർഹതപ്പെട്ട റേഷൻ സാധനങ്ങൾ അവരുടെ ഉന്നതികളിൽ നേരിട്ട് എത്തിച്ച് നൽകുന്ന പദ്ധതിയാണ് ''സഞ്ചരിക്കുന്ന റേഷൻകട''.<br><br>നിലമ്പൂർ മണ്ഡലത്തിലെ 7 ആദിവാസി ഉന്നതികളിലാണ് 'സഞ്ചരിക്കുന്ന റേഷൻകട പദ്ധതി' പ്രകാരം നിലവിൽ റേഷൻ വിതരണം നടത്തിവരുന്നത്. കൂടുതൽ ഉന്നതികളിലെ ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന തരത്തിൽ 'സഞ്ചരിക്കുന്ന റേഷൻകട' യുടെ പ്രവർത്തനം വ്യാപിപ്പിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | സഞ്ചരിക്കുന്ന റേഷൻകടകൾ വഴി എന്തൊക്കെ ഭക്ഷ്യധാന്യങ്ങളാണ് വിതരണം ചെയ്തുവരുന്നതെന്നും റേഷൻ ഷോപ്പുകൾ/കെ-സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന എല്ലാ ഭക്ഷ്യവസ്തുക്കളും സഞ്ചരിക്കുന്ന റേഷൻകടകൾ വഴിയും വിതരണം ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ; | (ബി) | സഞ്ചരിക്കുന്ന റേഷൻകട പദ്ധതി നടപ്പിലാക്കിയിട്ടുള്ള പ്രദേശങ്ങളിലെ ആദിവാസി കുടുംബങ്ങൾക്ക് എല്ലാ മാസവും അവർക്ക് അർഹതപ്പെട്ട റേഷൻ വിഹിതം നേരിട്ട് എത്തിച്ച് നൽകുന്നു.<br><br>നിലവിൽ റേഷൻ കടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ സപ്ലൈക്കോയുടെ ശബരി ഉൽപ്പന്നങ്ങൾ, മിൽമ ഉൽപ്പന്നങ്ങൾ, IOC യുടെ ചോട്ടു ഗ്യാസ് (5kg), CSC സേവനങ്ങൾ, വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ (MSME) ഉൽപ്പാദിപ്പിക്കുന്ന/പ്രോസസ്സ് ചെയ്യുന്ന നിത്യോപയോഗ സാധനങ്ങൾ എന്നിവ കെ-സ്റ്റോറുകൾ വഴി വില ഈടാക്കിയാണ് നൽകി വരുന്നത്. കെ-സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന എല്ലാ ഭക്ഷ്യ വസ്തുക്കളും സഞ്ചരിക്കുന്ന റേഷൻ കടകൾ വഴിയും വിതരണം ചെയ്യുവാൻ കഴിയുമോ എന്നത് സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | അതിദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ട് മറ്റൊരാളുടെ സഹായത്തോടെ മാത്രം റേഷൻ വാങ്ങാൻ കഴിയുന്ന ജനങ്ങളുടെ വീട്ടുമുറ്റത്തേക്ക് ഭക്ഷ്യവസ്തുക്കൾ | (സി) | നിലമ്പൂർ മണ്ഡലത്തിൽ 2023 മെയ് മാസം മുതൽ 'ഒപ്പം പദ്ധതി' നടപ്പിൽ വരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | എത്തിക്കാനുള്ള 'ഒപ്പം പദ്ധതി' നിലമ്പൂർ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ